REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 16-07-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഹരിയാനയിലെ ജിങ് റെയിൽവേ സ്റ്റേഷനിൽ രാജ്യത്തെ ആദ്യ മലിനീകരണ രഹിത ഹൈഡ്രജൻ ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യും.**
- **അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ നവീകരിച്ച 3 റെയിൽവെ സ്റ്റേഷനുകൾ നാളെ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.**
- **ദേശീയ ഗീതം വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് കേന്ദ്ര സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന രാജ്യവ്യാപക നാടകോത്സവത്തിന് തുടക്കമായി.**
- **കർക്കടക മാസ പൂജകൾക്ക് ശബരിമല ക്ഷേത്രനട വൈകിട്ട് അഞ്ചിന് തുറക്കും.**
- **ഫിഫ ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ അർജന്റീന സ്പെയിൻ പോരാട്ടം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഹരിയാന, ചണ്ഡീഗഡ്, പഞ്ചാബ് എന്നിവിടങ്ങൾ സന്ദർശിക്കും. രാജ്യത്തെ ആദ്യ മലിനീകരണ രഹിത ഹൈഡ്രജൻ ട്രെയിൻ ഹരിയാനയിലെ ജിങ് റെയിൽവേ സ്റ്റേഷനിൽ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. 14,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് ജിങിൽ പ്രധാനന്ത്രി തറക്കല്ലിടുകയും, രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്യും. ഉച്ചകഴിഞ്ഞ് ചണ്ഡീഗഡിലെത്തുന്ന പ്രധാനമന്ത്രി ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡ് അടിസ്ഥാന സൗകര്യങ്ങൾ

എന്നിവയുൾപ്പെടെ 6,600 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കമിടും.

പഞ്ചാബിലെ ജലന്ധർ സന്ദർശിക്കുന്ന മോദി, 5,470 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ പുനർവികസിപ്പിച്ച ജലന്ധർ കാന്റ് ഉൾപ്പെടെ 75 റെയിൽവേ സ്റ്റേഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ നവീകരിച്ച 3 റെയിൽവെ സ്റ്റേഷനുകൾ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി നാടിന് സമർപ്പിക്കും. തിരൂർ, പരപ്പനങ്ങാടി, നിലമ്പൂർ റോഡ് എന്നീ അമൃത് ഭാരത് സ്റ്റേഷനുകളാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്.

ജില്ലയിലെ പ്രധാന റെയിൽവേ സ്റ്റേഷനായ തിരൂർ സ്റ്റേഷൻ ആധുനിക സൗകര്യങ്ങളോടെയാണ് നവീകരിച്ചത്. മൂന്നുവർഷംകൊണ്ട് 26 കോടിയോളം രൂപ ചെലവിട്ടാണ് സ്റ്റേഷൻ നവീകരണം പൂർത്തിയാക്കിയത്.

യാത്രക്കാർക്ക് അത്യാധുനിക രീതിയിലെ കാത്തിരിപ്പ് കേന്ദ്രങ്ങൾ, നവീകരിച്ച പ്ലാറ്റ്ഫോമുകൾ, വിപുലമായ ലൈറ്റിങ് സംവിധാനങ്ങൾ എന്നിവയെല്ലാം നവീകരിച്ച സ്റ്റേഷനുകളിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് കൂടുതൽ ലളിതവും ഉപയോക്തൃ-സൗഹൃദവുമാക്കുന്നതിന് റെയിൽവേ മന്ത്രാലയം IRCTC വെബ്സൈറ്റിന്റെ പുതിയ 'ബീറ്റാ' പതിപ്പ് പുറത്തിറക്കി. യാത്രക്കാർക്ക് എല്ലാ ക്ലാസിലെയും സീറ്റ് ലഭ്യത പരി ശോധിക്കാവുന്നതോടൊപ്പം ടിക്കറ്റ് ബുക്ക് ചെയ്യാൻ നടപടി ക്രമങ്ങൾ വേഗത്തിൽ ചെക്ക്ഔട്ട് ചെയ്യാനും സാധിക്കും.

കൂടാതെ വെബ്സൈറ്റിലെ അനാവശ്യ ക്യാപ്ചകൾ, പോപ്പ്-അപ്പുകൾ, മിന്നിമറയുന്ന ഗ്രാഫിക്സുകൾ ഉൾപ്പെടെ ശ്രദ്ധ തിരിക്കുന്ന ഘടകങ്ങൾ ഒഴിവാക്കിയാണ് ബീറ്റാ പതിപ്പ് പുറത്തിറക്കിയത്. യാത്രക്കാരുടെ വിവരങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനാൽ പുതിയ പതിപ്പിൽ വീണ്ടും ടിക്കറ്റ് ബുക്ക് ചെയ്യുന്നത് കൂടുതൽ എളുപ്പമാക്കും.

✪✪✪

പ്രശസ്തമായ പുരി ജഗന്നാഥ രഥയാത്ര ഇന്ന് ആരംഭിക്കും. പുണ്യവേളയിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി C.P രാധകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ആശംസ നേർന്നു. രാജ്യത്തിനും ജനങ്ങൾക്കും

സന്തോഷവും സമാധാനവും സമൃദ്ധിയുമുണ്ടാവട്ടെയെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ ആശംസിച്ചു.

ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃക ത്തിന്റെയും ആത്മീയ പാരമ്പര്യങ്ങളുടെയും സജീവമായ ആഘോഷമാണ് രഥയാത്രയെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ പറഞ്ഞു.

രാജ്യത്തിന്റെ കാലാതീതമായ ആത്മീയ, സാംസ്കാരിക പൈതൃകത്തിന്റെ ഉജ്ജ്വലമായ പ്രകടനമാണ് രഥയാത്രയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രഥയാത്രയുമായി ബന്ധപ്പെട്ട പാരമ്പര്യങ്ങൾ ലോകമെമ്പാടും തലമുറകളെ പ്രചോദിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

പെട്രോൾ, ഡീസൽ, ഏവിയേഷൻ ടർബൈൻ ഇന്ധനം എന്നിവയുടെ കയറ്റുമതി അധിക എക്സൈസ് തീരുവയിൽ കേന്ദ്രം മാറ്റം വരുത്തി. ഡീസൽ കയറ്റുമതി തീരുവ ലിറ്ററിന് 15 രൂപ 50 പൈസയായും, ATF കയറ്റുമതി തീരുവ ലിറ്ററിന് 14 രൂപ 50 പൈസയായും വർധിപ്പിച്ചു. അതേസമയം, പെട്രോൾ കയറ്റുമതി തീരുവ ലിറ്ററിന് രണ്ടര രൂപയായി കുറച്ചു.

ധനമന്ത്രാലയം വിജ്ഞാപനം ചെയ്ത പുതുക്കിയ നിരക്കുകൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു.

✪✪✪

ദേശീയ ഗീതം വന്ദേമാതരത്തിന്റെ 150-ാം വാർഷി കത്തോടനുബന്ധിച്ച് കേന്ദ്ര സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന രാജ്യവ്യാപക നാടകോത്സവത്തിന് തുടക്കമായി. ചരിത്രത്തിലാദ്യമായി രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ഒരേസമയം 150 തിയറ്ററുകളിൽ ദേശഭക്തി നാടകങ്ങൾ അരങ്ങേറി.

'വന്ദേമാതരം ഇന്ത്യൻ തിയേറ്ററുകളിലൂടെയുള്ള ദേശഭ ക്തിയുടെ ആത്മാവ് ' എന്ന പ്രമേയത്തിലാണ് നാടകോത്സവം നടക്കുന്നത്.

കേരളത്തിന്റെ ഔദ്യോഗിക അവതരണമായി 'ബിയോണ്ട് ദ ലിബറേഷൻ' എന്ന നാടകം അരങ്ങേറി.

✪✪✪

രാജ്യത്തിന്റെ 80-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഓഗസ്റ്റ് 15 വരെ ഡൽഹിയിലെ ചെങ്കോട്ട സമുച്ചയത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം വിലക്കി. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായ ഒരുക്കങ്ങൾക്കാണ് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഇതുസംബന്ധിച്ച ഉത്തരവ്

പുറപ്പെടുവിച്ചത്. ഗവണ്മെന്റ് നൽകുന്ന പാസുള്ളവർക്ക് മാത്രമേ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ട പരിസരത്തേക്ക് പ്രവേശിക്കാൻ അനുവാദമുണ്ടാകൂ.

✪✪✪

കേന്ദ്ര ഗവൺമെന്റ് അടുത്തിടെ പ്രഖ്യാപിച്ച വിദ്യാഭ്യാസ ഹബ്ബുകളിൽ കേരളവും ഉൾപ്പെടുന്നത് സന്തോഷകരമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേർകർ  പറഞ്ഞു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ.

✪✪✪

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബംബർ ഭാഗ്യക്കുറി ടിക്കറ്റ് മുഖ്യമന്ത്രി വി.ഡി.സതീശൻ തിരുവനന്തപുരത്ത് പുറത്തിറക്കി. ഈ മാസം  20 മുതൽ ടിക്കറ്റുകൾ വിപണിയിൽ ലഭ്യമാകും. 30 കോടിയാണ് ഒന്നാം സമ്മാനം. നേരത്തെ 50 ലക്ഷമായിരുന്ന മൂന്നാം സമ്മാനം 25 ലക്ഷമാക്കി സമ്മാനഘടനയിൽ മാറ്റം വരുത്തി. 500 രൂപയാണ് ടിക്കറ്റ് വില. നറുക്കെടുപ്പ് സെപ്റ്റംബർ 26 നാണ്.

✪✪✪

എറണാകുളം കിഴക്കമ്പലം പര്യത്തുകാവ് ഉന്നതിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക്  ഗവണ്മെന്റ് വാഗ്ദാനം ചെയ്ത വീടുകൾക്ക് മന്ത്രി റോജി M ജോൺ  തറക്കല്ലിട്ടു. എത്രയും വേഗത്തിൽ, പറഞ്ഞ സമയത്തിനും മുൻപ് വീട് നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന്  മന്ത്രി പറഞ്ഞു.

✪✪✪

മന്ത്രിയാക്കാൻ കോഴ ആവശ്യപ്പെട്ട് പ്രിയങ്ക ഗാന്ധി MP യുടെ ഓഫീസിന്റെ പേരിൽ തട്ടിപ്പ് നടത്താൻ ശ്രമിച്ച സംഭവത്തിൽ  MP യുടെ പ്രൈവറ്റ് സെക്രട്ടറിയുടെ പരാതിയിൽ കല്പറ്റ പൊലീസ് കേസെടുത്തു. എം.പി. ഓഫീസിൽ നിന്നാണെന്ന് തെറ്റിദ്ധരിപ്പിച്ചാണ് വിദ്യ ബാലകൃഷ്ണൻ MLA യെയും  MP മാരായ ഷാഫി പറമ്പിൽ,  ഡീൻ കുര്യാക്കോസ് എന്നിവരെയും ഫോണിൽ ബന്ധപ്പെട്ടതെന്ന് MP യുടെ ഓഫീസ്, പോലീസ് മേധാവിക്കും വയനാട് SP ക്കും നൽകിയ പരാതിയിൽ പറയുന്നു.

✪✪✪

മുഖ്യമന്ത്രി VD സതീശൻ KSU വിനെ മോശമായി  പറഞ്ഞില്ലെന്നും, അത്തരത്തിൽ വ്യാഖ്യാനം നൽകേണ്ടെന്നും  ചാണ്ടി ഉമ്മൻ MLA  തൃശ്ശൂരിൽ

പറഞ്ഞു. ഉമ്മൻ ചാണ്ടി അനുസ്മരണത്തിൽ നിന്നും മുഖ്യമന്ത്രിയെ ഒഴിവാക്കിയിട്ടില്ലെന്നും, KC വേണുഗോപാലാണ് അനുസ്മരണ ചടങ്ങിനെത്തുന്നതെന്നും ചാണ്ടി ഉമ്മൻ അറിയിച്ചു.

✪✪✪

കർക്കടക മാസ പൂജകൾക്ക് ശബരിമല ക്ഷേത്രനട വൈകിട്ട് അഞ്ചിന് തുറക്കും. രാമായണ മാസാചരണം കൂടി ആയതിനാൽ ഇത്തവണ വൻ ഭക്തജന തിരക്കാണ് പ്രതീക്ഷിക്കുന്നത്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

............(വോയ്സ്)................

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ അർജന്റീന സ്പെയിൻ പോരാട്ടം. അറ്റ്ലാന്റ സ്റ്റേഡിയത്തിൽ രണ്ടാം സെമിയിൽ പുലർച്ചെ അർജന്റീന ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഇംഗ്ലണ്ടിനെ തോൽപിച്ചു. ആദ്യസെമിയിൽ ഫ്രാൻസിനെ തോൽപ്പിച്ചാണ് സ്പെയിൻ കിരീടപോരാട്ടം ഉറപ്പിച്ചത്.

ഞായറാഴ്ച രാത്രി ഇന്ത്യൻസമയം പന്ത്രണ്ടരയ്ക്ക് ന്യൂയോർക്ക് ന്യൂജെഴ്സി സ്റ്റേഡിയത്തിലാണ് കലാശ പോരാട്ടം.

ലൂസേഴ്സ് ഫൈനലിൽ ഫ്രാൻസ്, ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് മൂന്ന് മത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. കാർഡിഫിലെ സോഫിയ ഗാർഡൻസിൽ ഇന്ത്യൻ സമയം വൈകിട്ട് 5:30-നാണ് മത്സരം.

✪✪✪

പാലക്കാട് ജില്ലയിൽ സപ്ലൈകോ മുഖേന കഴിഞ്ഞ രണ്ടാം വിള നെല്ലെടുപ്പിലെ വില വിതരണം ഇന്ന് പുനഃരാരംഭിക്കും. കേന്ദ്ര താങ്ങുവില ഇനത്തിൽ സംസ്ഥാനത്തിനു ലഭിച്ച 90 കോടി 91 ലക്ഷം രൂപയിൽ നിന്നാണ് വില വിതരണം ചെയ്യുന്നത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

.....(വോയ്സ്)......

✪✪✪

കോട്ടയത്ത് ഇന്നലെ അന്തരിച്ച നോക്കുവിദ്യാ പാവകളി കലാകാരി മോനിപ്പള്ളി പങ്കജാക്ഷിയമ്മയുടെ സംസ്കാരം ഉച്ചകഴിഞ്ഞ് രണ്ടിന് ഔദ്യോഗിക ബഹുമതികളോടെ വീട്ടുവളപ്പിൽ നടത്തും.

നോക്കുവിദ്യാ പാവകളി എന്ന അപൂർവ കലാരൂപത്തെ ജീവനോടെ നിലനിർത്തിയ അവസാനത്തെ കണ്ണികളിൽ പ്രമുഖയായിരുന്നു അവർ.

✪✪✪

അടൂർ പത്തനംതിട്ട റോഡിൽ ആനന്ദപ്പള്ളിക്ക് സമീപം ഇന്നലെ രാത്രി ബൈക്കുകൾ കൂട്ടിയിടിച്ച് രണ്ടുപേർ മരിച്ചു. കോന്നി മങ്ങാരം സ്വദേശി മധു, തട്ട സ്വദേശി സതീഷ് കുമാർ എന്നിവരാണ് മരിച്ചത്.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 200 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 5,080 രൂപയായി. 13,135 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: ഫസ്ന ഫാത്തിമ, ജാസ്മി*
*DEO: ഷീബ*